**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1671** **08-10-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഡിജിറ്റൽ ലൈബ്രറി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ മലയാള വിഭാഗത്തിൽ പുതിയതായി കുട്ടികൾക്കുള്ള ഡിജിറ്റൽ ലൈബ്രറി സജ്ജീകരിക്കുന്നതിനായി പി.ഗോവിന്ദപിള്ള സംസ്കൃതി പഠനകേന്ദ്രം ലൈബ്രറിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി ശിപാർശ നൽകിയിട്ടുണ്ടോ; ഇത് നടപ്പിലാക്കാൻ നിയമപരമായോ സാങ്കേതികമായോ എന്തെങ്കിലും തടസ്സമുണ്ടോ; | (എ) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ഡിജിറ്റൽ ലൈബ്രറി സജ്ജീകരിക്കുന്നതിന് പി.ജി. സംസ്കൃതി പഠനകേന്ദ്രം ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചുവരുന്നു. |
| (ബി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ പുതിയ ബിൽഡിംഗ് പ്രവർത്തനം തുടങ്ങിയതുമായി ബന്ധപ്പെട്ട് പുതിയതായി താല്കാലികമായോ സ്ഥിരമായോ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ; | (ബി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ പുതിയ ബിൽഡിംഗ് പ്രവർത്തനം തുടങ്ങിയതുമായി ബന്ധപ്പെട്ട് 4 ലൈബ്രേറിയന്മാർ, ഒരു ബ്രെയിലി അസിസ്റ്റന്റ്, ഒരു സെക്യൂരിറ്റി ഗാർഡ് എന്നിവരുടെ തസ്തികകൾ കരാർ അടിസ്ഥാനത്തിൽ താൽക്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്. |
| (സി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നിലവിലുള്ള ഒരേ ഒരു അഡ്മിനിസ്ട്രേറ്റീവ് തസ്തികയിലേക്ക് സ്ഥിരം നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോ എന്നത് അറിയിക്കാമോ; | (സി) | ഇല്ല. സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെ അംഗങ്ങൾക്ക് ഓൺലൈനായി അംഗത്വഫീസ്, മാസവരി, ഫൈൻ എന്നിവ അടയ്ക്കുന്നതിനായി സൗകര്യം ഉണ്ടോ; | (ഡി) | സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ അംഗത്വം നൽകുന്നതിന് അംഗത്വം എടുക്കുന്ന വ്യക്തിയുടെ ഐഡന്റിറ്റി പരിശോധിക്കുന്നതിനായി ടിയാൻ നേരിട്ട് ഹാജരാകേണ്ടതിനാൽ അംഗത്വ ഫീസ് ഓൺലൈനായി അടയ്ക്കാൻ സാധിക്കുകയില്ല. പുസ്തകം നേരിട്ട് നൽകുമ്പോൾ മാത്രമേ ഫൈൻ കണക്കാക്കി അടയ്ക്കാൻ സാധിക്കുകയുള്ളൂ. അതിനാൽ പുസ്തകങ്ങളുടെ ഫൈൻ ഓൺലൈനായി അടയ്ക്കാൻ സാധിക്കുകയില്ല. പ്രസ്തുത ലൈബ്രറിയിൽ അംഗങ്ങളിൽ നിന്നും മാസവരി ഈടാക്കുന്നില്ല. |
| (ഇ) | ഇലെങ്കിൽ ഈ സൗകര്യം കൊണ്ടുവരാൻ | (ഇ) | ലൈബ്രറി ഉപയോക്താക്കൾക്കായി ക്യാഷ് ലെസ്സ് |

| | | | |
|---|---|---|---|
| | ആലോചനയുണ്ടോ; വിശദമാക്കാമോ? | | പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ